കേരള സർക്കാർ
GOVERNMENT OF KERALA
**KERALA STATE**
**YOUTH WELFARE BOARD**

**Swami Vivekanandan Youth Centre**
Kudappanakkunnu. P. O, Thiruvananthapuram - 43
E-mail :ksywb@kerala.gov.in
Web www.ksywb.kerala.gov.in
Phone No. : 0471-2733139, 2733602, 2733777

OFFICE OF THE DIRECTOR OF
TECHNICAL EDUCATION
2018
THIRUVANANTHAPURAM-33

**നമ്പർ. പി1-4257/18/വൈ.ഡബ്ല്യൂ.ബി** **തീയതി, 06/10/2018**

പ്രേഷിതൻ
മെമ്പർ സെക്രട്ടറി

സ്വീകർത്താവ്
ഡയറക്ടർ
ടെക്നിക്കൽ എഡ്യുക്കേഷൻ
പത്മവിലാസം സ്ട്രീറ്റ്
ഫോർട്ട് പി.ഒ., തിരുവനന്തപുരം

EA

സർ,

വിഷയം:- കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് - കേരള വോളന്റീ യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിക്കുന്നത് - സംബന്ധിച്ച്.

****

ചരിത്രത്തിലെ സമാനതകളില്ലാത്ത ഏറ്റവും വലിയ പ്രളയത്തിന്റെ പശ്ചാതലത്തിൽ പ്രകൃതി ദുരന്തങ്ങളെ നേരിടാൻ സജ്ജമായ യുവജന കൂട്ടായ്മ ആവശ്യമാണെന്ന് വിലയിരുത്തപ്പെടുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ 15 നും 30 നും മദ്ധ്യേ പ്രായമുള്ള ഒരുലക്ഷം യുവാക്കളെ ഉൾപ്പെടുത്തികൊണ്ട് യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 'കേരള വോളന്റീ യൂത്ത് ആക്ഷൻ ഫോഴ്സ് 'രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കർമ്മസേനയിൽ അംഗങ്ങളാകുന്ന ഒരു ലക്ഷം പേരിൽ നിന്നും ശാരീരികക്ഷമതയും അർപ്പണബോധവുമുള്ള 100 യുവജനങ്ങളെ വീതം ജില്ലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങളിലും, രക്ഷാ പ്രവർത്തനങ്ങളിലും നേതൃത്വം നൽകുന്നതിനുള്ള പരിശീലനം നൽകുകയും ആവശ്യമായ രക്ഷാപ്രവർത്തന സാമഗ്രികൾ വാങ്ങി നൽകുകയും ചെയ്യുന്നതാണ്. കൂടാതെ, കൗൺസിലിംഗ്, സാങ്കേതിക വൈദഗ്ദ്ധ്യം, സർവ്വേ തുടങ്ങിയ വിവിധ മേഖലകളിലായി വിവിധ ടീമുകളെ ഈ പദ്ധതിയുടെ ഭാഗമായി സജ്ജമാക്കുകയും ചെയ്യും. ഗൃഹസന്ദർശനം, ആരോഗ്യ/ പ്രതിരോധ/ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ കർമ്മസേന മുഖേന സംഘടിപ്പിക്കുന്നതാണ്.

http://volunteer.ksywb.in/ എന്ന ലിങ്ക് വഴി ഓൺലൈൻ രജിസ്ട്രേഷനിലൂടെ കേരള വോളന്റീ യൂത്ത് ആക്ഷൻ ഫോഴ്സിൽ യുവാക്കൾക്ക് അംഗമാകാവുന്നതാണ്. ഈ ഓൺലൈൻ രജിസ്ട്രേഷന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 സെപ്റ്റംബർ 28 - ന് തിരുവനന്തപുരത്ത് വച്ച് ബഹു. നിയമസഭാ സ്പീക്കർ നിർവ്വഹിക്കുകയുണ്ടായി.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിൽ പങ്കാളികളാകാൻ സംസ്ഥാനത്തെ ടെക്നിക്കൽ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കു കൂടി അവസരം നൽകുന്നത് ഗുണകരമായിരിക്കും എന്ന് കരുതുന്നു. ആയതിനാൽ താങ്കളുടെ അധികാരപരിധിയിലുള്ള സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ കേരള വോളന്റീ യൂത്ത് ആക്ഷൻ ഫോഴ്സിൽ അംഗങ്ങളാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

Publish in
1) Students notice board
2) DTE website

വിശ്വസ്തതയോടെ,

ആർ.എസ് കണ്ണൻ
മെമ്പർ സെക്രട്ടറി

ഭരണഭാഷ - മാതൃഭാഷ

ഇഎ2/40330/18നമ്പർ മേലെഴുത്ത് തീയതി : 16/2/19

സർക്കാർ പരിപത്രം ഈ വകപ്പിന് കീഴിലെ എല്ലാ ഓഫീസ് / സ്ഥാപന മേധാവികളുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായി വെബ്സൈറ്റ് വഴി നൽകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

പകർപ്പ്:-

1. വകപ്പിന് കീഴിലെ എല്ലാ ഓഫീസ്/സ്ഥാപന മേധാവികൾക്കും (ഡി.ടി.ഇ വെബ് സൈറ്റ് വഴി)
2. കരുതൽ സഞ്ചയം